**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2828** **18-03-2022 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമ പ്രകാരം സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **null**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വനാവകാശ നിയമ പ്രകാരം സർട്ടിഫിക്കറ്റ് ലഭ്യമാകാൻ പട്ടിക വർഗ്ഗ വികസന വകുപ്പിൽ എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്; അപേക്ഷകരിൽ എത്ര പേർക്ക് റെക്കോർഡ് ഓൺ റൈറ്റ്സ് നൽകാനുണ്ടെന്ന് അറിയിക്കാമോ; | (എ) | വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കുന്നതിനായി നാളിതു വരെയായി 43466 അപേക്ഷകൾ ലഭ്യമായതിൽ 26745 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 5206 എണ്ണം വിവിധ കമ്മിറ്റികളുടെ പരിഗണനയിലാണ്. 11515 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്. വ്യക്തിഗത അവകാശത്തിനു അർഹതയുള്ളതും എന്നാൽ നാളിതുവരെയായിട്ടും അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തവരിൽ നിന്നും അപേക്ഷ ലഭ്യമാക്കി കൈവശാവകാശരേഖ നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. |
| (ബി) | അപേക്ഷകർക്ക് എപ്പോൾ വനവകാശ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ; പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾക്കും രേഖകൾ സൂക്ഷിക്കുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയ്ക്ക് അപേക്ഷ നൽകുന്നതിന് സമയ പരിധിയില്ല. കൈവശാവകാശ രേഖയ്ക്ക് അർഹരായവർ വനാവകാശ സമിതിയ്ക്ക് മുമ്പാകെ എപ്പോൾ വേണമെങ്കിലും അപേക്ഷ നൽകാവുന്നതാണ്. വനാവകാശ കമ്മിറ്റി അംഗീകരിക്കുന്ന അപേക്ഷകൾ ഗ്രാമസഭ, SDLC, DLC എന്നീ കമ്മിറ്റികളുടെ അംഗീകാരത്തോടെ യാണ് കൈവശാവകാശരേഖ നൽകുന്നത്. ഈ കമ്മിറ്റികളെയാണ് ടി കാര്യങ്ങൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പട്ടിക വർഗ്ഗ വികസന വകുപ്പിൽ മേല്പറഞ്ഞ രേഖകൾ പരിശോധിക്കുന്നതിനും ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നഷ്ടമായാൽ പകരം പകർപ്പ് അനുവദിക്കാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദശം നൽകുമോ? | (സി) | നഷ്ടപ്പെട്ട കൈവശാവകാശ രേഖയുടെ പകർപ്പ് SDLC, DLC എന്നീ കമ്മിറ്റികൾ മുഖേന എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ